# Seek The Lord in distress

***(കഷ്ടതയിൽ യഹോവയെ അന്വേഷിക്കുക - സങ്കീ: 77:2)***




പഴയ ചെരുപ്പ് കേടായതിനാൽ പുതിയ ചെരുപ്പുമായി Office ൽ പോയ അദ്ദേഹം ഒരു ദിവസം മാത്രമേ ആ ചെരുപ്പ് ഉപയോഗിച്ചുള്ളൂ. കാൽ രണ്ടും പൊട്ടിയതിനാൽ നടക്കുവാൻ ബുദ്ധിമുട്ടുകയും ചെയ്തു. അടുത്ത ദിവസമായപ്പോഴേയ്ക്കും രണ്ടു കാലിലും നീര് വന്നിരുന്നു. അന്നു തന്നെ പതിയെ നടന്ന് ഡോക്ടറെ കണ്ട് കാലിൽ മരുന്നു വച്ചു. Late ആയി Office ൽ എത്തേണ്ടി വന്നതിന് ചെരുപ്പിനെയും തന്റെ വിധിയെയും പഴിച്ച് നടന്ന് ഓഫീസിനോടടുക്കാറായപ്പോൾ തന്റെ Office സ്ഥിതി ചെയ്യുന്ന വലിയ കെട്ടിടം തീപിടിച്ച് നശിക്കുന്നതാണ് കണ്ടത്. എങ്ങും വാഹനങ്ങ ളുടെ ഇരമ്പൽ കരച്ചിൽ, സർവ്വത്ര ബഹളം. ഇതുവരെയും ദൈവത്തെ പഴിച്ചയാൾ നിറകണ്ണുകളോടെ പ്രാർത്ഥിച്ചു. ദൈവമേ എന്റെ കാൽ പൊട്ടിയതിന് നന്ദി എന്ന്.

God is our greatest help in times of distress. കഷ്ടത എപ്രകാരം സംഭവി ക്കുന്നു എന്ന് job:5:6,7 വാക്യങ്ങളിൽ കാണുന്നു. കഷ്ടത സ്വർഗ്ഗത്തിലേക്കുള്ള കോവേണിയാണ്. ഉല്പ:(28:12)ൽ യാക്കോബു കണ്ട സ്വപ്നത്തിൽ ഇപ്രകാരമൊരു കോവേണി കാണാം. ചുവട് ഭൂമിയിലാണെങ്കിൽ അതിന്റെ തല സ്വർഗ്ഗത്തോളം എത്തി നിൽക്കുന്നു. കഷ്ടതയാകുന്ന കോവേണിയുടെ ഓരോ പടി കയറുന്തോറും നാമും പ്രീയനും കൂടി അടുക്കുന്നു. തലപ്പത്ത് അവൻ നിൽപുണ്ട്. Acts:14:22 ൽ വിശ്വാസത്തിൽ നിലനില്ക്കണമെന്നും, നാം അനേക കഷ്ടങ്ങളിൽക്കൂടി കടന്ന് ദൈവരാജ്യത്തിലെത്തേണ്ടതാണെന്ന് പ്രബോധിപ്പിച്ച് ശിഷ്യൻമാരുടെ മനസ്സ് ഉറ പ്പിച്ചു എന്ന് കാണുന്നു.

ഭാഗ്യ വിപര്യയത്തിന്റെ അവസ്ഥയിൽ ചിലർക്ക് വചനം കണ്ണുനീരിനാൽ കാണുന്നില്ല. പ്രാർത്ഥിപ്പാൻ ശബ്ദം ഇല്ല കൂടാതെ വാക്കുകൾ വായിൽ വരുന്നില്ല. കഷ്ടതയുടെ

പകലും രാത്രിയും ഭയാനകമാകുമ്പോൾ ചിലർ അവിശ്വാസികളാകുന്നു മറ്റുചിലർ ജീവിതം തന്നെ അവസാനിപ്പിക്കുന്നു. ആലയത്തിലെ സംഗീതജ്ഞനായ ആസാഫ് ഉച്ചത്തിൽ യഹോവയോട് നിലവിളിച്ചിട്ടും , ആശ്വാസം കിട്ടാതെ വന്നപ്പോൾ കണ്ണിന് ഉറക്കം തടുത്ത്, കൈ തളരാതെ ഉയർത്തി കണ്ണുനീരൊഴുക്കിയ തന്റെ ആശ്വാസം നിരസിച്ച ദൈവത്തോട് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

Look സങ്കീ:77:7-9

ഈ ചോദ്യങ്ങളുടെ മറുപടി ലഭിക്കുന്നത് വചനത്തിലെ ചരിത്ര സംഭവങ്ങളിൽ കൂടെ യാണ്. Read സങ്കീ: 77:13-15

ഈ ലോകത്തിൽ  ജനിച്ച എല്ലാ വിശ്വാസികൾക്കും അവിശ്വാസികൾക്കും കഷ്ടത യുണ്ട് .

## *കഷ്ടതയുടെ പലവിധ കാരണങ്ങൾ*

### *1. ദൈവഹിതമില്ലാത്ത വഴിയാത്ര*

മോവാബിലേക്കുള്ള യാത്ര അഥവാ കൈപ്പായിടത്തേക്കുള്ള യാത്ര,താമസം,ഇരിപ്പ് ഇവ ഒരു ദൈവപൈതലിന് ചേർന്നതല്ല.യഹോവയുടെ കൈ നവോമിയുടെ കുടും ബത്തിന് നേരെ വന്നതുകൊണ്ടാണ് നിറഞ്ഞവളായി ബേത്ലഹേമിൽ നിന്ന് വന്ന വൾ ഒഴിഞ്ഞവളായി മാറിയത്. തെറ്റ് മനസ്സിലാക്കി മടങ്ങിയാൽ വീണ്ടും നിറവിലേക്ക് മാറ്റംവന്നു എന്ന് നവോമിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.  Read രൂത്ത്: 1:20

### *2. പിറുപിറുപ്പ് കഷ്ടതയ്ക്ക് കാരണമാകുന്നു.*

പുറ:16:2, 17:1-2 വരെയുള്ള ഭാഗങ്ങൾ വായിച്ചാൽ കഷ്ടതയും കണ്ണുനീരും കണ്ട് മിസ്രേമിൽ നിന്ന് താൻ രക്ഷിച്ച ജനം ദൈവത്തോട് പിറുപിറുപ്പ് കാട്ടുന്നതു കാണാം. ആരുടേയും നന്മ കാണുവാൻ കഴിയാത്ത ചിലരുടെ സ്വഭാവം അന്നും ഇന്നും ഉണ്ട്. എണ്ണമില്ലാത്ത നന്മകൾ അനുഭവിച്ച ദൈവമക്കളേ ! കഷ്ടതയിലെ പിറു പിറുപ്പ് അവസാനിപ്പിച്ച് സ്തുതി ഉയർത്തുക അനുഗ്രഹം തനിയേ വരും.

### *3. വാഗ്ദത്തം പ്രാപിപ്പാൻ യോഗ്യനായാലും തെറ്റിന് ശിക്ഷയായി കഷ്ടത വരുന്നു*

സഹോദരനെയും , കണ്ണുകാണാത്ത പിതാവിനെയും ചതിച്ച് അനുഗ്രഹം തേടിയ യാക്കോബ് വെറും കയ്യോടെ വീട് വിട്ട് ഇറങ്ങി വന്നു. ചതിക്കുമ്പോൾ യഹോവ യുടെ നാമം ഉപയോഗിച്ച വ്യക്തിയെ നമ്മെ കാണുന്ന കണ്ണ് കാണുകയും , നമ്മുടെ ഞരക്കം പോലും അറിയുകയും കേൾക്കുകയും ചെയ്യുന്നവൻ കേൾക്കുകയും ചെയ്തു. ജ്യേഷ്ഠൻ അനുജനെ സേവിക്കുമെന്ന വാഗ്ദത്തം (ഉല്പ:25:23) നടപ്പായി . എന്നാൽ ചതി ദൈവം പൊറുക്കുന്നില്ല. ഞാൻ നിന്നെ മടക്കി വരുത്തും, ഞാൻ നിന്നോടു കൂടെയുണ്ട്. വാഗ്ദത്തം ചെയ്ത വിശ്വസ്തൻ ഉറപ്പ് നൽകിയപ്പോൾ പതി മൂന്ന് വർഷത്തെ നല്ലപാഠം പദ്ധതിക്കായി ലാബാന്റെ പാഠശാലയിലേക്ക് അയച്ചു. (ഉല്പ 25:41)

**4. കഷ്ടതയിൽ യുദ്ധമുണ്ട്.**

കഷ്ടതയുടെ ഭയാനക മണിക്കൂറുകളിൽ ദൈവസന്നിധിയിൽ കൈമലർത്തിയ അഥവാ കൈഉയർത്തി പ്രാർത്ഥിച്ച് യോശുവയേയും ജനത്തേയും ജയാളികളാകുവാൻ സഹായിച്ച മോശയും , അദ്ദേഹത്തെ സഹായിച്ച അഹരോനും ഹൂരും യുദ്ധ വിജയത്തിന് എന്തുചെയ്യണമെന്ന് നമ്മെ പഠിപ്പിച്ചു. Read പുറ: 17:9-11

**പ്രാർത്ഥിക്കുന്നവൻ '3' കാര്യങ്ങൾ ചെയ്യണം.**

(a) പുറപ്പെടുക (തയ്യാറാകുക) (b) ദൈവത്തിന്റെ വടി (ഉറച്ച വിശ്വാസം) കയ്യിൽ വേണം (c) കൈ ഉയർത്തണം (നിന്റെ ഹൃദയത്തെ ഉയർത്തുക)

**5. കഷ്ടത സ്വപ്നത്തെ തകർക്കുന്നു**

ദൈവമക്കളുടെ സ്വപ്നവും , വിശ്വാസവും സാത്താനേയും കൂട്ടരേയും ഭയപ്പെടുത്തുന്നു. ഉല്പത്തിയിൽ ജോസഫിന്റെ ജീവിതം ഇതിന് ഉദാഹരണമാണ്. ദൈവം സ്വപ്ന സാക്ഷാത്കാരം നൽകിയപ്പോൾ പിതാവ് ഫലപ്രദമായ വൃക്ഷം എന്ന് പറഞ്ഞ് അനുഗ്രഹിച്ചു.

**6.കഷ്ടതയുടെ അവസാനം നിത്യ സന്തോഷം**

മനസ്സുറപ്പോടെ കഷ്ടതയുടെ വഴിതാണ്ടിയവരോട് കർത്താവ് 'എഴുന്നേറ്റ് ബലം പ്രാപിക്കുക' എന്ന് ആജ്ഞാപിച്ചത് വിശ്വാസത്തോടെ അവർ ഏറ്റെടുത്തു. അതേ വിജയം ദൈവമക്കൾക്കുതന്നെ. ഉറപ്പും ധൈര്യവുമുള്ളവരാകാം. ദൈവം നമ്മോടു കൂടെയുണ്ട്.


Santhamma Varghese

***ശാന്തമ്മ വർഗ്ഗീസ്***

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg